**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2520** **21-01-2021 - ൽ മറുപടിയ്ക്ക്**

**കൊട്ടാരക്കര മണ്ഡലത്തിൽ വൈദ്യുതി ബോർഡ് നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | Shri M. M. Mani<br>(വൈദ്യുതി വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊട്ടാരക്കര മണ്ഡലത്തിൽ, വിതരണ വിഭാഗത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 17.74ലക്ഷം രൂപ ചെലവാക്കി 964 വൈദ്യുതി കണക്ഷൻ നൽകുന്ന പ്രവൃത്തികളും, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീ കരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJYപദ്ധതിയിൽ ഉൾപ്പെടുത്തി 139.12ലക്ഷം രൂപ ചെലവാക്കി 4.15 കി.മീ ഹൈ ടെൻഷൻ ഓവർഹെഡ് ലൈൻ വലിക്കുകയും, 4.62 കി.മീ ഹൈ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുകയും, 4 ട്രാൻസ്ഫോർമറു കൾ സ്ഥാപിക്കുകയും, 955 ബി.പി.എൽ കണക്ഷൻ നൽകുന്ന പ്രവൃത്തികളും, നഗരപ്രദേശ ങ്ങളിലെ വൈദ്യുതിമേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്ന തിനും നടപ്പിലാക്കിയ IPDS പദ്ധതിയിൽ ഉൾപ്പെടുത്തി 27.37ലക്ഷം രൂപയുടെ പ്രവൃത്തികളും, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്ക ൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBLന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി 2021'ൽ ഉൾപ്പെടുത്തി 1307.13 ലക്ഷം രൂപ ചെലവാക്കി 68.09 കി.മീ ഹൈ ടെൻഷൻ ലൈൻ വലിക്കുകയും, 110.95 കി.മീ ലോ ടെൻഷൻ ലൈൻ വലിക്കുകയും, 69 ട്രാൻസ്ഫോർമറുകൾ സ്ഥാപി ക്കുന്ന പ്രവൃത്തികളും, 37.78 ലക്ഷം രൂപ ചെലവാക്കി വെളിയം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുകയും, കൊട്ടാരക്കര വൈദ്യുതി ഭവൻ സമുച്ചയത്തിൽ 63.19ലക്ഷം രൂപ ചെലവാക്കി 0.08 മെഗാ വാട്ട്(MW) സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പ്രവൃത്തി കളും, ഉൾപ്പെടെ ആകെ 1574.59 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് . ട്രാൻസ്മിഷൻ മേഖലയിൽ കൊട്ടാരക്കര 110 കെ.വി സബ്സ്റ്റേഷനിൽ നവീകരണം ആരംഭിച്ചു. ഇതിന്റെ ഭാഗമായി തൃക്കണ്ണമംഗൽ ഭാഗത്തേയ്ക്ക് പുതുതായി ഒരു 11 കെ.വി ലൈൻ വലിച്ച് ചാർജ്ജ് ചെയ്തു. നവീകരണത്തിന്റെ ഭാഗമായി കൊട്ടാരക്കര 110 കെ.വി സബ്സ്റ്റേഷനിൽ പുതിയ കൺട്രോൾ റൂം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 2.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രവൃത്തികൾ 2022-ഓടെ പൂർത്തീകരിക്കും. കൊട്ടാരക്കര 110 കെ.വി സബ്സ്റ്റേഷനിൽ നവീകരണത്തോടനുബന്ധിച്ച് 60 ലക്ഷം രൂപ ചിലവായി. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ചെലവഴിച്ച തുക പ്രവൃത്തികൾ തിരിച്ച് വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊട്ടാരക്കര മണ്ഡലത്തിൽ, വിതരണ വിഭാഗത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 17.74ലക്ഷം രൂപ ചെലവാക്കി 964 വൈദ്യുതി കണക്ഷൻ നൽകുന്ന പ്രവൃത്തികളും, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീ കരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതിയിൽ ഉൾപ്പെടുത്തി 139.12ലക്ഷം രൂപ ചെലവാക്കി 4.15 കി.മീ ഹൈ ടെൻഷൻ ഓവർഹെഡ് ലൈൻ വലിക്കുകയും, 4.62 കി.മീ ഹൈ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുകയും, 4 ട്രാൻസ്ഫോർമറു കൾ സ്ഥാപിക്കുകയും, 955 ബി.പി.എൽ കണക്ഷൻ നൽകുന്ന പ്രവൃത്തികളും, നഗരപ്രദേശ ങ്ങളിലെ വൈദ്യുതിമേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്ന തിനും നടപ്പിലാക്കിയ IPDS പദ്ധതിയിൽ ഉൾപ്പെടുത്തി 27.37ലക്ഷം രൂപയുടെ പ്രവൃത്തികളും, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്ക ൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBLന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി 2021'ൽ ഉൾപ്പെടുത്തി 1307.13 ലക്ഷം രൂപ ചെലവാക്കി 68.09 കി.മീ ഹൈ ടെൻഷൻ ലൈൻ വലിക്കുകയും, 110.95 കി.മീ ലോ ടെൻഷൻ ലൈൻ വലിക്കുകയും, 69 ട്രാൻസ്ഫോർമറുകൾ സ്ഥാപി ക്കുന്ന പ്രവൃത്തികളും, 37.78 ലക്ഷം രൂപ ചെലവാക്കി വെളിയം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുകയും, കൊട്ടാരക്കര വൈദ്യുതി ഭവൻ സമുച്ചയത്തിൽ 63.19ലക്ഷം രൂപ ചെലവാക്കി 0.08 മെഗാ വാട്ട്(MW) സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പ്രവൃത്തി കളും, ഉൾപ്പെടെ ആകെ 1574.59 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് . ട്രാൻസ്മിഷൻ മേഖലയിൽ കൊട്ടാരക്കര 110 കെ.വി സബ്സ്റ്റേഷനിൽ നവീകരണം ആരംഭിച്ചു. ഇതിന്റെ ഭാഗമായി തൃക്കണ്ണമംഗൽ ഭാഗത്തേയ്ക്ക് പുതുതായി ഒരു 11 കെ.വി ലൈൻ വലിച്ച് ചാർജ്ജ് ചെയ്തു. നവീകരണത്തിന്റെ ഭാഗമായി കൊട്ടാരക്കര 110 കെ.വി സബ്സ്റ്റേഷനിൽ പുതിയ കൺട്രോൾ റൂം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 2.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രവൃത്തികൾ 2022-ഓടെ പൂർത്തീകരിക്കും. കൊട്ടാരക്കര 110 കെ.വി സബ്സ്റ്റേഷനിൽ നവീകരണത്തോടനുബന്ധിച്ച് 60 ലക്ഷം രൂപ ചിലവായി. |
| (സി) | നിയോജക മണ്ഡലത്തിൽപ്പെടുന്നതും അനുമതി നൽകാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾ പരിഗണനയിൽ ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) | കൊട്ടാരക്കര മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 2022-ഓടു കൂടി പൂർത്തിയാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 16 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും, 4 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും, 7 പഴയ ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളും, 55.95 കി.മീ 11കെ.വി ലൈൻ വലിക്കുന്ന പ്രവൃത്തികളും, 21.5 കി.മീ 11 കെവി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികളും, 21.15 കി.മീ 11 കെ.വി ഹൈ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുന്ന പ്രവൃത്തികളും, 1485 കി.മീ ലോ ടെൻഷൻ ലൈൻ റീകണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തികളും, 49.12 കി.മീ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുന്ന പ്രവൃത്തികളും, മറ്റ് അനുബന്ധ പ്രവൃത്തികൾക്കും ഉൾപ്പെടെ ആകെ 2100.23 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ